ഇഹ്സാൻ

# ഡേവിഡ് ഹെഡ്‌ലിയെയും നമുക്ക് വെളുപ്പിക്കാം

**ഇന്ത്യ** എന്തുകൊണ്ടാണ് അടിമരാജ്യമാകുന്നതെന്ന് ഒരിക്കൽ കൂടി തെളിയിക്കുന്നതാണ് ഇപ്പോഴത്തെ ഹെഡ്‌ലി-റാണ സന്ദർശന വിവാദം. കാര്യങ്ങളെ നേർക്കുനേരെ സമീപിക്കുക. ഡേവിഡ് കോൾമാൻ ഹെഡ്‌ലി ഏത് രാജ്യക്കാരനാണ്? ഒരു വളച്ചുകെട്ടുമില്ലാതെ പറയാനാവും അയാൾ അമേരിക്കക്കാരൻ തന്നെയെന്ന്. തഹാവുർ ഹുസൈൻ റാണയോ? ഒരു സംശയവുമില്ല കാനഡക്കാരൻ! അമേരിക്കക്കാരനായ ഹെഡ്‌ലിയും കാനഡക്കാരനായ റാണയും സംശയിക്കപ്പെടുന്നത് എന്തിനെ ചൊല്ലിയാണ്? ഇന്ത്യയിൽ നടന്ന നിരവധി ഭീകരാക്രമണങ്ങളിൽ ഇരുവർക്കും പങ്കുണ്ടായിരുന്നോ ഇല്ലേ എന്ന വിഷയത്തിലാണ്. ഹെഡ്‌ലിയും റാണയും ഇന്ത്യയിൽ ആരെയെങ്കിലും ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ ഇപ്പോൾ മുംബൈ ആർതർ റോഡ് ജയിലിൽ കഴിയുന്ന അമീർ കസബ് മുതൽക്കുള്ളവരിൽ നിന്നല്ലേ അന്വേഷണം തുടങ്ങേണ്ടത്? കസബും കൂട്ടാളികളും നടത്തിയെന്ന് എഴുതിത്തയാറാക്കിയ ആക്രമണ സിദ്ധാന്തത്തിൽ ഹെഡ്‌ലിയെയും റാണയെയും എവിടെയാണ് വിട്ടുപോയതെന്നും എങ്ങനെയാണ് ഇപ്പോൾ ജയിലിലുള്ളവരുമായി അവർ ഗൂഢാലോചന നടത്തിയതെന്നും മാത്രമാണ് പോലീസിന് തെളിയിക്കാൻ ബാക്കിയുള്ളത്. ആക്രമണത്തിന്റെ തലച്ചോർ അമേരിക്കയിൽ നിന്നാണ് ആരംഭിച്ചതെന്ന് മറച്ചുപിടിച്ച് അവർ കൊച്ചിയിലും കൊയിലാണ്ടിയിലും താനെയിലും പൂനെയിലുമൊക്കെ ആരെ കണ്ടുവെന്ന് തിരക്കി നടക്കുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ അസംബന്ധമല്ലേ?

അമേരിക്കക്കാരനായ മറ്റൊരു വരത്തന്റെ നവിമുംബൈ വസതിയിലെ കംപ്യൂട്ടറിൽ നിന്നും പുറപ്പെട്ടുപോയ 'ടെറർ മെയിലി'ന്റെ ഉറവിടം തപ്പിയിറങ്ങിയ പഴയ ഏമാന്മാരുടെ ചരിത്രം ആവർത്തിക്കാതിരിക്കാനാവണം ഈ കാപട്യം നമ്മുടെ മാധ്യമങ്ങളെ കൂട്ടുപിടിച്ച് അവർ ആഘോഷമാക്കി മാറ്റിയെടുക്കുന്നത്. ഡേവിഡ് കോൾമാൻ ഹെഡ്‌ലിക്ക് കിട്ടിയ അതേ വിസയിലാണ് കെന്നത്ത് ഹേവാർഡ് എന്ന കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ ബിസിനസുകാരനും അന്ന് ഇന്ത്യയിൽ തങ്ങിയത്. ഹേവാർഡിന്റെ തൊഴിൽ ബിസിനസാണെന്ന് രേഖകൾ പറയുമ്പോഴും പള്ളീലച്ചന്റെയും നിയമോപദേശകന്റെയും മുതൽ ടാക്സി ഡ്രൈവറുടെ വരെ തൊഴിലിൽ ഇയാൾ ഏർപ്പെട്ടിരുന്നതിന് മറ്റു പല രാജ്യങ്ങളിലും ഇന്ത്യയിൽ തന്നെയും തെളിവുണ്ടായിരുന്നു. ഹേവാർഡിന്റെ വസതിയിലെ കമ്പ്യൂട്ടറിൽനിന്നും ദക്കാൻ മുജാഹിദീൻ എന്ന പേരിൽ പുറപ്പെട്ടു പോയ സന്ദേശത്തിന്റെ പേരിൽ ഏതോ തൗഖീർ അഹ്മദിനെയും അന്വേഷിച്ച് മാസങ്ങളോളം വലഞ്ഞവരാണ് നമ്മുടെ പോലിസ്. ഒടുവിൽ അമേരിക്കയിലെ ഒരു വൻകിട സോഫ്റ്റ്‌വെയർ കമ്പനിയുടെ (കമ്പനിയുടെ പേര് പുറത്തുവിട്ടിട്ടില്ല!) പ്രിൻസിപ്പൽ പ്രോഗ്രാമറായി ജോലി ചെയ്തുവന്ന മുഹമ്മദ് മൻസൂർ അസ്ഗർ പീർഭായ് എന്ന മറ്റൊരു മുംബൈക്കാരനെ പിടികൂടി ഒരു ദയയുമില്ലാതെ

കള്ളക്കേസെടുത്ത് കോടതിയിൽ ഹാജരാക്കി. കേസ് തെളിയില്ലെന്നു വന്നതോടെ ഇയാളെ ഒടുവിൽ മാപ്പുസാക്ഷിയാക്കുകയാണുണ്ടായത്!

ആരുടെയും ബിനാമികളായിട്ടല്ല തങ്ങൾ നാടു ഭരിക്കുന്നതെന്ന് തെളിയിക്കണമെങ്കിൽ ഒരേയൊരു കാര്യമാണ് ചെയ്യാനാവുന്നതായി ബാക്കിയുള്ളത്. മുംബൈ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട അമേരിക്കക്കാരായ 22 ടൂറിസ്റ്റുകളും ഇസ്രയേലുകാരായ 7 ടൂറിസ്റ്റുകളും ആരായിരുന്നുവെന്നും അവർ എങ്ങനെ ഇന്ത്യയിലെത്തിയെന്നും അവർക്ക് നഗരത്തിൽ ആരുമായി ബന്ധമുണ്ടായിരുന്നു എന്നും അന്വേഷിക്കാൻ കേന്ദ്രസർക്കാർ ചങ്കൂറ്റം കാണിക്കട്ടെ. 'അവരെ' കുറിച്ച് അമേരിക്കയും ഇസ്രയേലും നൽകുന്ന വിവരങ്ങളാവരുത് ഈ അന്വേഷണത്തിന്റെ മാനദണ്ഡം. ഇന്ത്യയിലെ പൊതുജനങ്ങളിൽനിന്നും തെരഞ്ഞെടുത്ത സമാദരണീയരായ വ്യക്തിത്വങ്ങളടങ്ങിയ ഒരു സമിതി ഈ 'ടൂറിസ്റ്റുകളെ' കുറിച്ച് അന്വേഷണം നടത്തട്ടെ. പോസ്റ്റ്മോർട്ടം നടത്താതെ, പ്രേതപരിശോധനയുടെ പ്രാഥമിക ചട്ടങ്ങൾ പോലും പൂർത്തിയാക്കാതെ നാം വിട്ടുകൊടുക്കാൻ നിർബന്ധിതരായ ആ ശവങ്ങൾക്കാണ് ഈ റാണയും ഹെഡ്‌ലിയുമൊക്കെയായി ഒരുപക്ഷേ കൂടുതൽ ബന്ധമുണ്ടാവുക. തന്നെ കേസിൽ കക്ഷിചേർക്കണമെന്നാവശ്യപ്പെട്ട് മുംബൈയിലെ ഒരു യുവതി നൽകിയ ഹരജിയുടെ മർമവും ഇവിടെയാണ്. സംഭവദിവസം വൈകിട്ട് ബോട്ടിൽ കറാച്ചിയിൽ നിന്നും വന്നിറങ്ങി നേരെ ഹോട്ടലിലേക്ക് പാഞ്ഞുകയറിയെന്ന് ആരോപിച്ച് പോലിസ് ഹാജരാക്കിയ ആ ഏക ഭീകരനുണ്ടല്ലോ, അയാളെ ഭീകരാക്രമണത്തിനു മുമ്പുള്ള മറ്റൊരു ദിവസം നരിമാൻ ഹൗസ് വരെ താൻ പിന്തുടർന്നുവെന്നും തനിക്ക് ആളുമാറുന്ന പ്രശ്നമില്ലെന്നുമാണ് ഇവർ ഹരജിയിൽ ചൂണ്ടിക്കാട്ടുന്നത്. കസബിന്റെയൊപ്പം നഗരത്തിൽ ചുറ്റിനടന്ന യുവതിയെ കണ്ടവരും മുംബൈ നഗരത്തിലുണ്ട്. നരിമാൻ ഹൗസിൽ താമസിച്ച ആ യുവതി ആരായിരുന്നുവെന്ന് ഇനി കോടതിയോടെങ്കിലും പറയാതെ കഴിയില്ലല്ലോ. സീലുവെച്ച കവറിലെങ്കിലും ആ സത്യം പറയുകയാണ് ചെയ്യേണ്ടത്.

പാകിസ്താൻകാരായ സറാർ ഷാ, സക്കീഉർറഹ്മാൻ ലഖ്‌വി, അബൂകഫ, അബൂഹംസ എന്നിവരുമായി ഹെഡ്‌ലിയും റാണയും ബന്ധപ്പെട്ടത് എങ്ങനെയെന്നാണ് നിലവിൽ കേന്ദ്ര രഹസ്യാന്വേഷണ വകുപ്പ് അന്വേഷിക്കുന്നത്. തീർച്ചയായും ആ നിലക്ക് അന്വേഷണങ്ങൾ പുരോഗമിക്കേണ്ടതുണ്ട്. പക്ഷേ അമേരിക്കയെ കുറിച്ച് ഇത്രയും കാലം കേട്ടതു മുഴുവൻ 'പുളു' അല്ലായിരിക്കണമെങ്കിൽ ഹെഡ്‌ലിയും റാണയും ഇന്ത്യയിൽ നിന്നും സാറ്റലൈറ്റ് ഫോൺ വഴി ബന്ധപ്പെട്ടതു മാത്രമാവില്ല ഈ കേസിന്റെ ഗൂഢാലോചനാ ഡയറിയിൽ എഴുതിവെക്കാനുണ്ടാവുക. അമേരിക്കയിലെ ടെലിഫോണും ഇന്റർനെറ്റുമൊക്കെ മറികടന്നുകൊണ്ടു തന്നെയാണ് ഭീകരർ ഇന്ത്യയെ ആക്രമിക്കാൻ പദ്ധതിയിട്ടത്. വിദേശപൗരൻമാരെന്ന നിലയിൽ ഇന്ത്യയിലെത്തുകയും പാകിസ്താനിലെ അറിയപ്പെടുന്ന ഭീകരന്മാരുമായി ഇത്ര വലിയ ഗൂഢാലോചനയുടെ മുഴുവൻ വിശദാംശങ്ങളും ടെലിഫോണിലൂടെ ചർച്ച ചെയ്യുകയുമാണ് ഇവർ ചെയ്തത്.

ഹേവാഡിനെ ഒടുക്കം വെളുപ്പിച്ചെടുത്തതു പോലെ ഈ ഡേവിഡും കുട്ടപ്പനായി മടങ്ങിയെത്തുന്നേടത്തേക്കാണ് കാര്യങ്ങളുടെ പോക്ക്. അമേരിക്കയിലെ ജയിലിലിരുന്ന് ആരും ഭീകരാക്രമണം ആസൂത്രണം ചെയ്യുന്നില്ലെന്ന് തെളിയിച്ചു കൊടുക്കേണ്ട ബാധ്യതയുമായാണ് നാം കേസന്വേഷണം നടത്തുന്നതെന്ന് ഒറ്റ നോട്ടത്തിൽ സ്പഷ്ടം. ■

ihsanrsn@hotmail.com